# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 125 27.02.2017- ൽ മറുപടിയ്ക്ക്

## പ്രവാസി ക്ഷേമ പദ്ധതികൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച പരാതികൾ പരിശോധിക്കുമോയെന്ന് അറിയിക്കാമോ; | എ) | പ്രവാസി കാര്യ വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളെ സംബന്ധിച്ച് ലഭ്യമാകുന്ന എല്ലാ പരാതികളും പരിശോധിച്ച് വേണ്ട നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) | സംസ്ഥാനത്ത് പ്രവാസികൾക്ക് വ്യവസായങ്ങൾ ആരംഭിക്കുവാൻ പ്രത്യേക പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുമോ; സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളെ സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ ; | ബി) | പ്രവാസികൾക്ക് വ്യവസായങ്ങൾ ആരംഭിക്കുവാൻ പ്രത്യേക പദ്ധതി നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി നിലവിലുണ്ട്.<br>സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് വഴി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>● സാന്ത്വന പദ്ധതി<br>● നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി |

(മറുപുറം)

- 24 മണിക്കൂർ കോൾ സെന്റർ
- സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം
- പ്രീ -ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
- ജോബ് പോർട്ടൽ
- നോർക്ക -റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ സ്ഥാപനം
- പ്രവാസി നിയമ സഹായ സെൽ
- എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്
- സ്വപ്ന സാഫല്യം
- നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NBFC)
- വിസ തട്ടിപ്പിനെതിരെയുള്ള ബോധവൽക്കരണം
- കാരുണ്യം
- പ്രാഗത്ഭ്യം തെളിയിച്ച വിദേശ കേരളീയരുടെ ഡാറ്റാ ബേസ് രൂപീകരിക്കൽ

കേരള പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമുള്ളവർക്ക് വേണ്ടി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ താഴെ ചേർക്കുന്നു.

- പെൻഷൻ
- കുടുംബപെൻഷൻ
- അശതാ പെൻഷൻ
- മരണാനന്തര സഹായം
- ചികിത്സാ സഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസ ആനുകൂല്യം

(മറുപുറം)

| | | |
|---|---|---|
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്ക് പ്രവാസി പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കി ; വിശദമായ വിവരം ലഭ്യമാക്കുമോ? | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, 1340 പേർക്ക് ഇതിനോടകം പെൻഷൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ 59 പേർക്ക് മരണാനന്തര ധനസഹായമായി 20,53,500/-രൂപയും, മൈനർ നോമിനി ആയിട്ടുള്ള 19 പേർക്ക് 3,47,500/- രൂപയും, 61 പേർക്ക് ചികിത്സാ ധനസഹായമായി 7,46,257/- രൂപയും, 150 പേർക്ക് വിവാഹ ധനസഹായമായി 15,00,000/- രൂപയും, 3 പേർക്ക് പ്രസവാനുകൂല്യമായി 9000 രൂപയും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**